# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 92 — 10.06.2013 ന് മറുപടിക്ക്

## നെല്ലിയാമ്പതി പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിച്ച തോട്ടങ്ങളുടെ വിശദാംശം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.പി. ജയരാജൻ:**<br>**" എം. ചന്ദ്രൻ :**<br>**" വി.ചെന്താമരാക്ഷൻ:**<br>**" കെ.കെ.നാരായണൻ** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(ബഹു മുഖ്യമന്ത്രി)** |
| (എ) നെല്ലിയാമ്പതിയിൽ പാട്ടക്കരാർ ലംഘിച്ച് തോട്ടങ്ങൾ കൈവശം വെച്ച് വരുന്നവർക്കെതിരെ ഫലപ്രദമായി നടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) ഇല്ല. നെല്ലിയാമ്പതിയിൽ പാട്ടത്തിനു നല്കിയ 52 എസ്റ്റേറ്റുകളിൽ പാട്ടക്കരാർ അവസാനിച്ച റോസറി, ക്ലിഫ് വ്യൂ, (2 ബീറ്റുകൾ) ഉത്തമ്പാറ എന്നീ എസ്റ്റേറ്റുകളും പാട്ടക്കരാർ ലംഘനം നടത്തിയ ബിയാട്രീസ്, മീരാഫ്ലോറസ് (5 ബീറ്റുകൾ) എന്നീ എസ്റ്റേറ്റുകളും സർക്കാരിലേയ്ക്ക് തിരികെ ഏറ്റെടുത്തിട്ടുണ്ട്. പാട്ടക്കരാർ ലംഘനം നടത്തിയ രാജാക്കാട്, മോങ്ക് വുഡ്, ചെറുനെല്ലി എന്നീ 3 എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദാക്കിയെങ്കിലും കോടതി സ്റ്റേ നിലവിലുള്ളതിനാൽ തിരിച്ചെടുത്തിട്ടില്ല. പാട്ടക്കരാർ ലംഘനം നടത്തിയ മറ്റ് 31 എസ്റ്റേറ്റുകളുടെ ലീസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) വനം വകുപ്പ് മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായതിനു ശേഷം പ്രസ്തുത തോട്ടങ്ങൾ ഏറ്റെടുക്കുന്ന നടപടികളിലുണ്ടായ പുരോഗതിയും നേട്ടങ്ങളും വിശദമാക്കാമോ; മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്ത് വിലയിരുത്തുകയുണ്ടായോ; തോട്ടം ഉടമകളുടെ പ്രതിനിധിയായി ഗവൺമെന്റ് ചീഫ് വിപ്പിനെ പ്രസ്തുത യോഗത്തിൽ പങ്കെടുപ്പിക്കുകയുണ്ടായോ; | (ബി) നെല്ലിയാമ്പതിയിലെ പാട്ടക്കരാർ ലംഘനം നടത്തിയ 31 എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രത്യേക യോഗം ഒന്നും തന്നെ വിളിച്ചു ചേർത്തിട്ടില്ല. |

.........2

| | | | |
|---|---|---|---|
| (സി) | നെല്ലിയാമ്പതിയിൽ പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിച്ച തോട്ടങ്ങൾ ഏതൊക്കെയാണ്; അവ എത്ര ഏക്കർ വീതമാണ്; അവയിൽ പൂർണ്ണമായും സർക്കാരിന്റെ അധീനതയിൽ വന്നിട്ടുള്ളവ എത്രയാണ്; വിശദാംശം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ? | (സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

## പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങളുടെ വിവരം

| ക്രമ നമ്പർ | എസ്റ്റേറ്റിന്റെ പേര് | വിസ്തൃതി (ഏക്കറിൽ) | റിമാർക്സ് |
|---|---|---|---|
| | **പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിച്ച തോട്ടങ്ങൾ** | | |
| 1. | ചെറുനെല്ലി ലോവർ | 278.80 | പാട്ടക്കരാർ ലംഘനത്തെ തുടർന്ന് പാട്ടക്കരാർ റദ്ദാക്കി കോടതി സ്റ്റേ ഉള്ളതിനാൽ തിരിച്ചെടുത്തിട്ടില്ല. |
| 2. | രാജാക്കാട് | 288.85 | |
| 3. | മോക് വുഡ് | 232.82 | |
| 4. | ബിയാട്രീസ് | 33.68 | പാട്ടക്കരാർ ലംഘിച്ചതിനാൽ തിരിച്ചുടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 5. | അലക്സാണ്ട്രിയ-എ (8 എസ്റ്റേറ്റുകൾ) | 250.00 | |
| 6 | അലക്സാണ്ട്രിയ-ബി (6 എസ്റ്റേറ്റുകൾ) | 251.75 | |
| 7. | ബ്രൂക്ക് ലാന്റ് | 250.00 | |
| 8 | കാരപ്പാറ | 541.37 | |
| 9. | കാരപ്പാറ (ബി) കൈരളി | 577.12 | |
| 10 | ചന്ദ്രാമല (6 എസ്റ്റേറ്റുകൾ) | 808.55 | |
| 11 | മണലാരു | 621.59 | |
| 12. | പോത്തുപാറ | 150.49 | |
| 13. | ലില്ലി | 213.58 | |
| 14 | കരടിമല | 272.78 | |
| 15 | മോക് വുഡ് | 65.23 | |
| 16 | മണലാരു | 609.93 | |
| 17 | വിക്ടോറിയ | 619.45 | |
| | **സർക്കാരിന്റെ പൂർണ്ണ അധീനതയിലുള്ള തോട്ടങ്ങൾ** | | |
| 1. | റോസറി | 242.65 | പാട്ടക്കാലാവധി അവസാനിച്ചതിനെ തുടർന്ന് സർക്കാരിലേയ്ക്ക് തിരിച്ചെടുത്തു. |
| 2. | തൂത്തമ്പാറ | 351.36 | |
| 3. | ക്ളിഫ് വ്യൂ. | 14.82 | |
| 4. | ക്ളിഫ് വ്യൂ. | 5.00 | പാട്ടക്കരാർ ലംഘനത്തെ തുടർന്ന് സർക്കാരിലേയ്ക്ക് തിരിച്ചെടുത്തു. |
| 5. | ബിയാട്രീസ് | 246.26 | |
| 6. | മീരാഫ്ളോറസ് (5 എണ്ണം) | 486.63 | |

സെക്ഷൻ ഓഫീസർ